"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- KSUDP-CRDP- തിരുവനന്തപുരം നഗരത്തിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിലെ കടിവെള്ള വിതരണ പദ്ധതിയുടെ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത ഹൈഡ്രോടെക് എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനം ഫയൽ ചെയ്ത ആർബിട്രേഷൻ കേസിലെ വിധി നടപ്പിലാക്കുന്നതിനായി 10.0656 കോടി രൂപയുള്ള (പത്ത് കോടി ആറു ലക്ഷത്തി അമ്പത്തിയാറായിരം രൂപ മാത്രം) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

**G.O.(Rt)No.998/2019/LSGD** തീയതി, തിരുവനന്തപുരം, 16/05/2019

---

പരാമർശം:- 1) 11.10.2006 ലെ സ. ഉ.(സാധാ)നം.2531/06/ തസ്വഭവ

2) 02.03.2007 ലെ സ. ഉ.(കൈ )നം.65/07/ തസ്വഭവ

3)12.03.2015-ലെ ഒ.പി(ആർബിട്രേഷൻ)നം.1343/15 നമ്പർ ഉത്തരവ്.

4) എറണാകുളം അഡീഷണൽ ജില്ലാ ജഡ്ജിയുടെ ഒ.പി(ആർബിട്രേഷൻ) നം.1343/15 ൽ ഐ.എ. നം.6708/15 നമ്പർ ഉത്തരവ്.

5)തിരുവനന്തപുരം ജില്ലാ കോടതിയിൽ ഹൈഡ്രോടെക് എഞ്ചിനീയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് ഫയൽ ചെയ്ത ഇ.പി. 641/15 നമ്പർ എക്സ്റ്റൻഷൻ പെറ്റീഷൻ.

6) 27.03.2017 ലെ സ. ഉ.(സാധാ)നം.900/17/ തസ്വഭവ

7) അമൃത് മിഷൻ ഡയറക്ടറുടെ 14.12.2017 ലെ എ1-1105/2011കെ.എസ്.യു.ഡി.പി നമ്പർ കത്ത്.

8) 02.04.2019 ലെ ത.സ്വ.ഭ.വ-ഐഎ2/4/2018 നമ്പർ സർക്കാർ കത്ത്

9) 11.04.2019 ലെ സ. ഉ.(സാധാ)നം. 2974/19/ധന നമ്പർ ഉത്തരവ്.

ഉത്തരവ്

തിരുവനന്തപുരം നഗരത്തിൽ കടിവെള്ള ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ കടിവെള്ള വിതരണ പദ്ധതിക്കായി 10,00,00,000/- രൂപയുടെ (പത്തു കോടി രൂപ) അനുമതി നല്കുകയും ആയതിനുള്ള ചെലവ് സി ആർ. ഡി പി യിൽ നിന്നും നിർവ്വഹിക്കുവാനും മന്ത്രിതല ഉപസമിതിയുടെ 26.08.2003 ൽ

കൂടിയ മൂന്നാമത് യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇപ്രകാരം തിരപഥം സ്പെഷ്യൽ ആഫീസർ ടെണ്ടർ ക്ഷണിക്കുകയും 03.02.2004 ൽ കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം ഹൈഡ്രോടെക് എഞ്ചിനിയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 10,15,27,347/- രൂപയ്ക്ക് (പത്ത് കോടി പതിനഞ്ച് ലക്ഷത്തി ഇരുപത്തിയേഴായിരത്തി മുന്നൂറ്റി നാല്പത്തിയേഴ് രൂപ) പ്രവൃത്തി അംഗീകരിച്ച് നല്കുകയും ചെയ്തിരുന്നു. തിരപഥം സ്പെഷ്യൽ ആഫീസർ 25.03.2004 ൽ സംസ്ഥാന സർക്കാരിനുവേണ്ടി ഹൈഡ്രോടെക്കുമായി കരാറിൽ ഏർപ്പെടുകയും ടി പ്രവൃത്തി കേരള വാട്ടർ അതോറിറ്റിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടത്തുന്നതിനും തിരപഥം പ്രോജക്ട് ആഫീസർ പേമെന്റ് നടത്തുന്നതിനും തീരുമാനിക്കുകയും ടി പ്രവൃത്തിക്ക് പരാമർശം 1 ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും ചെയ്തിരുന്നു.

2). മേൽ പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഉൾപ്പെടെ ആകെ 8,71,92,104/- രൂപ (എട്ട് കോടി എഴുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി നൂറ്റിനാല് രൂപ) കരാറുകാരന് നല്കിയിരുന്നതായും പ്രവൃത്തിയുടെ 95 ശതമാനം പൂർത്തിയായെങ്കിലും പദ്ധതി കേരള വാട്ടർ അതോറിറ്റിക്ക് കരാറുകാരൻ കൈമാറ്റം ചെയ്തിരുന്നില്ല. പരാമർശം 2 ഉത്തരവ് പ്രകാരം തിരപഥം പ്രോജക്ട് കെ.എസ്.യു.ഡി.പി യിൽ ലയിപ്പിക്കുകയും തിരപഥം സ്പെഷ്യൽ ആഫീസറുടെ അധികാരങ്ങൾ കെ.എസ്.യു.ഡി.പി പ്രോജക്ട് ഡയറക്ടറിൽ നിക്ഷിപ്തമാകുകയും, തിരപഥത്തിനുവേണ്ടി പ്രോജക്ടുകൾ അംഗീകരിച്ച് നിർവ്വഹണം നടത്തിയിരുന്ന മന്ത്രിസഭാ ഉപസമിതിക്ക പകരം ചീഫ് സെക്രട്ടറി അധ്യക്ഷനായ സി. ആർ. ഡി പി ക്ക മാത്രമുള്ള എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. പരാമർശം 6 ഉത്തരവിൻ പ്രകാരം കെ.എസ്.യു.ഡി.പി നിർത്തലാക്കികൊണ്ടും സ്റ്റേറ്റ് മിഷൻ മാനേജ്മെന്റിൽ ലയിപ്പിച്ചും ഉത്തരവായിരുന്നു. ടി കുടിവെള്ള വിതരണ പദ്ധതിയിൽ പല സ്ഥലത്തും പൈപ്പുകൾ പൊട്ടി പദ്ധതിയ്ക്ക് തടസ്സം നേരിടുകയും കരാറുകാരൻ അപാകത പരിഹരിക്കാൻ തയ്യാറാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റി തന്നെ ടി പ്രവൃത്തികൾ നടത്തുകയും ആയതിനുള്ള ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കുകയും ചെയ്തിരുന്നു.

3). ഇതേസമയം കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ നിന്നും ആർബിട്രേറ്ററെ നിയമിക്കാനായി ഫയൽ ചെയ്ത കേസിൽ ബഹു. ഹൈക്കോടതി ആർബിട്രേറ്റർമാരെ നിയോഗിച്ച് വിധിയാകുകയും ടി വിധിയുടെ അടിസ്ഥാനത്തിൽ നിയമിതരായ ആർബിട്രേറ്റർമാരുടെ പരാമർശം 3 പ്രകാരമുള്ള വിധിയിൽ ഹൈഡ്രോടെക് എഞ്ചിനിയേഴ്സ് ആന്റ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തിന് അവാർഡ് തുകയായി 5,12,01,598/- രൂപയും (അഞ്ചു കോടി പന്ത്രണ്ട് ലക്ഷത്തി ആയിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ) റിട്ടെൻഷൻ തുകയായി 20,92,059/- രൂപയും (ഇരുപത് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി അമ്പത്തിയൊമ്പത് രൂപ), അവാർഡ് തുകയ്ക്ക് 16.10.2009 മുതലും റിട്ടെൻഷൻ തുകയ്ക്ക് 31.03.2007 മുതലും 9 ശതമാനം പലിശ സഹിതം 3 മാസത്തിനകം നല്കുന്നതിനും ഉത്തരവായിരുന്നു.

4). മേൽ ഉത്തരവിനെതിരെ എറണാകുളം രണ്ടാം അഡീഷണൽ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്തെങ്കിലും പരാമർശം 4 ഉത്തരവിൻ പ്രകാരം ടി അപ്പീൽ കോടതി നിരസിച്ചിരുന്നതായും കോടതി ഉത്തരവ് പ്രകാരമുള്ള തുക ലഭിക്കുന്നതിനായി കരാറുകാരൻ തിരുവനന്തപുരം ജില്ലാ കോടതി VIII-ൽ 12,00,00,000/- രൂപ (പന്ത്രണ്ട് കോടി രൂപ)ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 5 പ്രകാരം എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തതായും ഇതിൽ ജപ്തി നടപടികൾ ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ അടിയന്തരമായി കോടതി വിധി പ്രകാരമുള്ള തുക അനുവദിക്കണമെന്നും പരാമർശം 7 പ്രകാരം അമൃത് മിഷൻ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു.

5). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ ആർബിട്രേഷൻ കേസിന്റെ വിധിയിന്മേൽ ഫയൽ ചെയ്ത അപ്പീൽ കോടതി നിരസിച്ചതിനാലും ബഹു. ഹൈക്കോടതിയിൽ വീണ്ടും അപ്പീൽ ഫയൽ ചെയ്യുന്നതിലുള്ള സാധ്യത വിരളമായതിനാലും കരാറുകാരൻ ഫയൽ ചെയ്ത എക്സിക്യൂഷൻ പെറ്റീഷനിന്മേൽ ജപ്തി നടപടികൾ ആരംഭിച്ച സാഹചര്യത്തിലും, കോടതി വിധി നടപ്പിലാക്കുന്നതിനായി നടപ്പ് വർഷത്തെ ബഡ്ജറ്റിൽ '4217-01-800-99 (Plan-charged)-സിആർ.ഡിപി" എന്ന ശീർഷകത്തിൽ 10.0656 കോടി രൂപ (പത്ത് കോടി ആറു ലക്ഷത്തി അമ്പത്തിയാറായിരം രൂപ മാത്രം) രൂപയുള്ള അനുമതി നൽകി ഉത്തരവാകുന്നു.

6). മേൽ തുക "അമൃത്" മിഷൻ ഡയറക്ടർ മാറി നൽകേണ്ടതും ഈ കേസ് വിശദമായി പരിശോധിച്ച് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ആർബിട്രേഷൻ കോടതിയുടെ വിധിയിന്മേൽ അപ്പീൽ ഫയൽ

ചെയ്യുന്നതിനുള്ള കാലതാമസം കാരണമായിട്ടുണ്ടെങ്കിൽ ഉത്തരവാദികളിന്മേൽ ലയബിലിറ്റി ഫിക്സ് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**C S SREEKALA**
**DEPUTY SECRETARY**

മിഷൻ ഡയറക്ടർ, "അമൃത്", തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

രജിസ്ട്രാർ, ജില്ലാ കോടതി, തിരുവനന്തപുരം

കൺവീനർ, സിആർ.ഡിപി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

നിയമ വകുപ്പ്

ധന വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : തസ്വദേവ എ. സി. എസ്സിന്റെ പി എസ്സ്